നം.കെ.എസ്.എ.പി.റ്റി.എ.പി13-194/17 തീയതി:10.05.2017

# പന്തളം ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്- 2015-16

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.04.2016മുതൽ 18.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആറ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.പി.പി.സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 20.02.2017മുതൽ 28.02.2017 വരെ | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.അനിൽകുമാർ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | അഡ്വ.കെ.ആർ പ്രമോദ്കുമാർ (1.4.2015മുതൽ 31.10.2015വരെ) |
| | : | ഭരണ നിർവ്വഹണ സമിതി<br>01.11.2015 മുതൽ 18.11.2015 വരെ |
| | | ശ്രീമതി പി.കെ.തങ്കമ്മ (19.11.2015മുതൽ 31.03.2016വരെ) |
| സെക്രട്ടറി | : | ശ്രീ.കെ.മോഹനൻ (01.04.15മുതൽ 31.03.16വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് - 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2015-16

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| | ഭാഗം 2 | |
| 7 | നിർമ്മൽ പുരസ്കാരം നിക്ഷേപമായി മാറി | 2-1 |
| 8 | കാലഹരണപ്പെട്ട ജാമ്യനിക്ഷേപങ്ങൾ തനത്ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 2-2 |
| | ഭാഗം 3 | |
| 9 | പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജിൽ പഠിക്കുന്നതിന് ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| 10 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത | 3-2 |
| 11 | സമയബന്ധിതമായി മരുന്നുകൾ ലഭ്യമായില്ല - പദ്ധതിയുടെ ഫലം പൂർണ്ണമായി ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല | 3-3 |
| 12 | അനുവദനീയമല്ലാത്ത മേഖലയിൽ സംയുക്ത പ്രോജക്ട് നടപ്പിലാക്കി | 3-4 |
| 13 | പഞ്ചായത്ത് നടപ്പാക്കിയ പ്രവൃത്തികളിന്മേൽ നടത്തിയ പ്രാദേശിക പരിശോധന – ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 3-5 |

| | | |
|---|---|---|
| 14 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല | 3-6 |
| 15 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും വർഷങ്ങളായി കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല | 3-7 |
| | ഭാഗം 4 | |
| 16 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 17 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 19 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 21 | ഓഡിറ്റ് റിക്കവറി | 4-6 |
| 22 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 23 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 24 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 106200 | 14488965 | 14382765 | |
| വരവ് | 260872000 | 128569658 | | 132302342 |
| ആകെ | 260978200 | 143058623 | | 117919577 |
| ചെലവ് | 260631400 | 98549075 | | 162082325 |
| നീക്കിയിരിപ്പ് | 346800 | 44509548 | 44162748 | |

യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വരവു - ചെലവു കണക്കുകൾ വിശകലനം നടത്തുമ്പോൾ വ്യക്തമാകുന്നുണ്ട്. ബജറ്റ് പ്രകാരമുള്ള തുകകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വ്യത്യാസം ഉണ്ട്. യുക്തിസഹമായി ബജറ്റ് കണക്കുകൾ തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.07.2016 |

എ). പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**i).** വാർഷിക പത്രികയുടെ ബി.18 ഷെഡ്യൂളിൽ 87748 രൂപ അഡ്വാൻസിനത്തിൽ തിരികെ ലഭിക്കാനുള്ളതായി കാണുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

ii).RP-34 - 340109901 ഹെഡ്ഡിൽ 1615 രൂപ "other Deposit" ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ

പരിശോധിച്ചതിൽ പ്രി-മെട്രിക്ക് ഹോസ്റ്റലിൽ നിന്നും വാർഡൻ, പാചകക്കാർ എന്നിവരിൽ നിന്നും മെസ്സ് ഫീസിനത്തിൽ ഈടാക്കുന്ന തുകയാണിത്. എന്നാൽ ടി ഇനത്തിലുള്ള യഥാർത്ഥ വരവു തുക 15240/-രൂപയാണ്. അക്കൗണ്ട് കൃത്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 14488965 |
| വരവ് | 128569658 |
| ആകെ | 143058623 |
| ചെലവ് | 98549075 |
| നീക്കിയിരിപ്പ് | 44509548 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ വരവ് | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2436907 | 18971000 | 33035 | 21440942 | 21407907 | 0 | 21407907 | 33035 | 0 |
| SCP | 33035 | 16070000 | 0 | 16103035 | 16070000 | 33035 | 16103035 | 0 | |
| TSP | 0 | 8000 | 0 | 8000 | 8000 | 0 | 8000 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 686582 | 2243246 | 0 | 2929828 | 2929828 | 0 | 2929828 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4598005 | 3000000 | 0 | 7598005 | 1718284 | | 1718284 | 0 | 5879721 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 69 | 58 | 8 | 3 | 95.65 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | അംഗീകരിച്ച പ്രോജക്റ്റുകൾ | | നടപ്പാക്കിയ പ്രോജക്റ്റുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 0 | 0 | 0 | 0 | - |
| സേവനം | 29 | 27908862 | 27 | 25457038 | 91 |
| പശ്ചാത്തലം | 40 | 14693557 | 39 | 12016597 | 82 |

ബ്ലോക്ക് പഞ്ചായത്തിന് ബഡ്ജറ്റ് പ്രകാരം ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെങ്കിലും ലഭ്യമായതിനേക്കാൾ കൂടുതൽ തുക പദ്ധതി നിർവ്വഹണത്തിന് വകയിരുത്തിയതുമൂലം പദ്ധതിച്ചെലവ്, യഥാർത്ഥ ചെലവ് ശതമാനം എന്നിവയെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2016 | 2014-15 | 28.06.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2017-24.01.2017 | 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർമ്മൽ പുരസ്കാരം നിക്ഷേപമായി മാറി

കോളനികളിൽ ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തികൾ നടപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബ്ലോക്ക്പഞ്ചായത്തിന് സർക്കാർ അനുവദിച്ച നിർമ്മൽ പുരസ്കാരം തുകയിൽ പലിശയുൾപ്പെടെ 98796 രൂപ എസ്.ബി.ടി.യുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 67118938390) ചെലവഴിക്കാതെ നിക്ഷേപമായി അവശേഷിക്കുന്നു. ടി തുക സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ചെലവഴിക്കേണ്ടതാണ്.

## 2-2 കാലഹരണപ്പെട്ട ജാമ്യ നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) അനുച്ഛേദം 256(സി) പ്രകാരം മൂന്നു വർഷത്തിന്മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ സ്ഥാപനത്തിന്റെ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. എന്നാൽ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കരാറുകാർ ഹാജരാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ദീർഘകാലമായി തനത് ഫണ്ടിൽ മുതൽ കൂട്ടാതെ സൂക്ഷിച്ചുവരുന്നു.

| ഡെപ്പോസിറ്റ് തീയതി | ഡെപ്പോസിറ്റ് ചെയ്ത ആളിന്റെ പേര് | തുക | രസീതി നം/ സ്ഥിരനിക്ഷേപക നം,തീയതി |
|---|---|---|---|
| 14.12.2011 | എസ്സൽ ഇൻഡസ്ട്രീസ്, ആറന്മുള | 16250 | 5/14.12.2011 |
| 14.12.2011 | എസ്സൽ ഇൻഡസ്ട്രീസ്, ആറന്മുള | 12000 | 5/14.12.2011 |
| 20.03.2012 | പി.എൻ. വിശ്വനാഥപിള്ള | 2500 | 250648/20.032012 |
| 20.03.2012 | പി.എൻ. വിശ്വനാഥപിള്ള | 7200 | 250648/20.03.2012 |

മേൽ കാണിച്ചിട്ടുള്ള സ്ഥിരനിക്ഷേപങ്ങളുടെ പലിശ നഷ്ടം ഒഴിവാക്കുന്നതിന് നിക്ഷേപങ്ങൾ കാലവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതുക്കി നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ബന്ധപ്പെട്ട കരാറുകാർ നിശ്ചിത സമയ പരിധിക്കുള്ളിൽ റീഫണ്ട് ചെയ്ത് വാങ്ങാതിരുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ തനത് ഫണ്ടിൽ മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജിൽ പഠിക്കുന്നതിന് ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | : | പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജിൽ പഠിക്കുന്നതിന് |

| | | |
|---|---|---|
| | | ധനസഹായം' - 45/2016 |
| അടങ്കൽ | : | 1625000 |
| ഫണ്ട് | : | വികസനഫണ്ട് - 1607800<br>തനതുഫണ്ട് - 17200 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പട്ടികജാതി വികസന ഓഫീസർ |
| ബിൽ നം./ചെക്ക് നം./ തീയതി /തുക | : | 10/15-16 – 30.01.2016, 1025000<br>11/15-16 – 22.02.2016, 582800<br>2216165/16.02.2016 (ചെക്ക്) 17200 |

2015-16 വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ 'പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജിൽ പഠിക്കുന്നതിന് ധനസഹായം' എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 എ (1) (സി), 3എ (9) എന്നിവ പ്രകാരം ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പുവരുത്തി, ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപ്പഞ്ചായത്തിന് നൽകുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഈ പ്രോജക്ടിനു വേണ്ടിയുള്ള ഗുണഭോക്താക്കളെ പത്രപ്പരസ്യം വഴി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തെരഞ്ഞെടുക്കുകയായിരുന്നു. തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരത്തിനായി 06.01.2016ൽ ബ്ലോക്ക് പഞ്ചായത്തു പരിധിയിലുള്ള അഞ്ചു പഞ്ചായത്തുകളിലേക്കും പന്തളം മുനിസിപ്പാലിറ്റിക്കും അയച്ചു കൊടുത്തു. തദ്ദേശ ഭരണ സ്ഥാപനത്തിലെ കമ്മറ്റികൾ പ്രസ്തുത ലിസ്റ്റ് അംഗീകരിച്ചതിന്റെ വിശദാംശം ചുവടെ.

| ഗ്രാമപ്പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച തീരുമാനം നം./ തീയതി |
|---|---|---|
| തുമ്പമൺ | 2 | I(9) -16.03.2016 |
| കുളനട | 22 | I(55)/16 – 17.02.2016 |
| പന്തളം തെക്കേക്കര | 2 | III(2) – 19.02.2016 |

| | | |
|---|---|---|
| ആറന്മുള | 15 | പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ല |
| മെഴുവേലി | 10 | II(1) – 18.01.2016 |
| പന്തളം | 11 | V(1) – 16.02.2016 |

ഗ്രാമസഭകളെ അപ്രസക്തമാക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുത്തത് പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമാണ്.

ബി) അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ലാതെ പണം പിൻവലിച്ചു

മേൽപ്പറഞ്ഞിട്ടുള്ള പട്ടിക പ്രകാരം മെഴുവേലി ഗ്രാമപ്പഞ്ചായത്ത് മാത്രമാണ് ജനവരി മാസം ലിസ്റ്റ് അംഗീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. മറ്റ് പഞ്ചായത്തുകളെല്ലാം ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കമ്മറ്റിയിലാണ് ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകിയത്. മെഴുവേലി ഗ്രാമപ്പഞ്ചായത്തിലെ 10പേരുടെ ലിസ്റ്റ് മാത്രം ലഭ്യമായിരിക്കെ 30.01.2016ൽ 34പേർക്ക് വിതരണം ചെയ്യുന്നതിനായി ബിൽ നം.10/15-16പ്രകാരം 10.25ലക്ഷം രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചു. ഇപ്രകാരം ആവശ്യാധിഷ്ഠിതമല്ലാതെ പണം പിൻവലിച്ചത് ധനവിനിയോഗ മാർഗ്ഗരേഖ (ജി.ഒ.(പി)നം.177/2006 തീയതി 12.04.2006) ക്ക് വിരുദ്ധമാണ്.

സി) പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുന്നതിനു മുൻപ് ധനസഹായം വിതരണം ചെയ്തു

ആതിര രാജൻ, മലപ്പുറത്ത് കുറ്റിയിൽ, മാമ്പിലാലി, ഉമ്പമൺ എന്ന വ്യക്തിയുടെ അർഹത ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് 16.03.2016ലാണെങ്കിലും ടിയാൾക്ക് 20.02.2016ൽ ധനസഹായം വിതരണം ചെയ്തു.

ഗുണഭോക്തൃലിസ്റ്റുകൾ തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിന്മേൽ ഭരണതലത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു. കൂടാതെ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-2 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത

ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിനായി 2015-16വർഷം സി.ഡി.പി.ഒ. ചുവടെ പറയുന്ന പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ.നം./തീയതി |
|---|---|---|---|
| 43/16, ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം'(ജനറൽ) | 803000 | 751300 | 02/15-16, 29.03.2016 |
| 44/16, ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം' (എസ്.സി.പി) | 804100 | 682200 | 03/15-16, 29.03.2016 |

പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

ടെണ്ടർ കൂടാതെയാണ് കെൽട്രോൺ മുഖേന മഹീന്ദ്ര കമ്പിനിയുടെ ഗസ്റ്റോ സ്കൂട്ടറുകൾ വാങ്ങിയത്. കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് പകരം കെൽട്രോണിൽ നിന്നും ടെണ്ടർ കൂടാതെ വാഹനങ്ങൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. കേന്ദ്ര മോട്ടോർ വാഹന നിയമം അദ്ധ്യായം 3 പ്രകാരം ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയൂ. ട്രേഡ് സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ മോട്ടോർ വാഹന വ്യാപാരത്തിൽ ഏർപ്പെടുന്നതിന് കെൽട്രോണിന് നിയമപരമായി അർഹതയില്ല.

ബി) കരാറിലില്ലാത്ത വാഹനം വിതരണം ചെയ്തു

കെൽട്രോണും ബ്ലോക്ക് പഞ്ചായത്തുമായി 04.03.2016 ൽ ഏർപ്പെട്ട കരാർ പ്രകാരവും കെൽട്രോണിന്റെ 16.12.2015ലെ PR.INV.No.313-ാം നമ്പർ ഇൻവോയിസ് പ്രകാരവും മഹീന്ദ്രാ കമ്പനിയുടെ റോഡിയോ UZO, ഹീറോ കമ്പനിയുടെ പ്ലഷർ എന്നീ വാഹനങ്ങളിൽ ഏതെങ്കിലും ഒന്ന് നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽപ്പറഞ്ഞതിനു വിരുദ്ധമായി മഹീന്ദ്രാ ഗസ്റ്റോ എന്ന മോഡൽ വാഹനമാണ് വിതരണം ചെയ്തിരിക്കുന്നത്.

സി) ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകി

കരാർ പ്രകാരം വാഹനങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ എത്തിച്ചു നൽകാൻ കെൽട്രോണിനു ബാദ്ധ്യതയുണ്ട്. ഇതിന് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ തുക നൽകുന്ന വിവരം കരാറിലില്ല. എന്നാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ രണ്ട് പ്രോജക്ടുകളിലുമായി 16000രൂപ കെൽട്രോണിനു നൽകി. ഇത്തരത്തിൽ അനധികൃതമായി നല്കിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഡി) ലൈസൻസ് ഇല്ലാത്തവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു

വാഹനം ഓടിക്കാൻ ലൈസൻസ് ലഭിച്ചിട്ടില്ലാത്തവരെയാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ രണ്ടു പേർക്കു മാത്രമാണ് വാഹന വിതരണ വേളയിൽ ലൈസൻസ് ഉള്ളത്. വാഹനം വിതരണം ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് മറ്റുള്ളവർ ലൈസൻസ് എടുത്തിരിക്കുന്നത്. ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നത് കുറ്റകരവും ശിക്ഷാർഹവുമാണെന്ന് മാത്രമല്ല അപകടം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കില്ല. ഈ വസ്തുതകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ചില്ല.

ഇ) ഇരട്ടിപ്പ് ഉണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്കൂട്ടർ ലഭിച്ച ഗുണഭോക്താക്കൾ ജില്ലാ പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പുവരുത്തിയില്ല.

എഫ്) തുക മുൻകൂർ പിൻവലിച്ച് കൈവശം സൂക്ഷിച്ചു

29.03.2016ൽ ട്രഷറിയിൽനിന്ന് തുക പിൻവലിച്ചെങ്കിലും 20.07.2016ലാണ് കെൽട്രോണിന് തുക കൈമാറിയത്. സർക്കാർ പണം മുൻകൂറായി പിൻവലിച്ച് കൈവശം സൂക്ഷിക്കുന്നത് ധനവിനിയോഗ മാർഗ്ഗരേഖയ്ക്ക് [ജി.ഒ(പി) നം. 177/2006ഫിൻ. തീയതി12.04.2006] വിരുദ്ധമാണ്. കൂടാതെ സർക്കാർ പണം ഏകദേശം നാലുമാസക്കാലം കൈവശം വച്ചത് താൽക്കാലിക പണാപഹരണമാണ്.

മേൽപ്പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ, പദ്ധതിക്കായി ചെലവഴിച്ച 1433500 രൂപയിൽ നിരാകരിച്ച 16000 രൂപ ഒഴികെയുള്ള 1417500 രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിന്മേൽ ഭരണതലത്തിൽ വിശദമായ അന്വേഷണം നടത്തുവാനും തുടർനടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. കൂടാതെ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-3 സമയബന്ധിതമായി മരുന്നുകൾ ലഭ്യമായില്ല - പദ്ധതിയുടെ ഫലം പൂർണ്ണമായി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

പ്രോജക്ട് നം - S0057/15-16 , S0108/15-16 (സ്പിൽ ഓവർ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

ഡി.ഡി നം - 045663/22.03.2016 , 045818/30.03.2016

2015-16 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുമ്പമൺ,വല്ലന സി.എച്ച്.സി കൾക്ക് അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു . പ്രോജക്ട് നം S0057/15-16 പ്രകാരം 400000/- രൂപയും, പ്രോജക്ട് നം S0108/15-16 പ്രകാരം 271241/- രൂപയും പദ്ധതിക്കായി വകയിരുത്തി. മരുന്നുകൾ

ലഭ്യമാക്കുന്നതിനായി 22-03-2016 ൽ 400000/- രൂപയും 30-03-2016 ൽ 271241/- രൂപയും മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറി. എന്നാൽ രണ്ട് പദ്ധതികളിലുമായി ആകെ 476789/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ . അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ ഭാഗത്ത് നിന്നും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായതായി ഫയലിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്തതുമൂലം പദ്ധതി പൂർണ്ണതോതിൽ ലക്ഷ്യം കാണാതെ പോയി. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയോ അധിക തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അധികം അടവാക്കിയ 194452 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-4 അനുവദനീയമല്ലാത്ത മേഖലയിൽ സംയുക്ത പ്രോജക്ട് നടപ്പിലാക്കി

പന്തളം ഗ്രാമപ്പഞ്ചായത്തിലെ മൂന്ന് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി ബ്ലോക്ക് പഞ്ചായത്തും ഗ്രാമപ്പഞ്ചായത്തും ചേർന്ന് സംയുക്ത പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് [('പന്തളം ഗ്രാമപഞ്ചായത്തിന്റെ റോഡ് പുനരുദ്ധാരണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ' ) പ്രോജക്ട് നം.70/2016]. ഇതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ടിൽനിന്നും ആറ് ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ. (എം.എസ്) നം.362/2013തീയതി 16.11.2013)] പ്രകാരം സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കാവുന്നതല്ല റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ. എന്നാൽ ഒരു റോഡിന് അഞ്ച് ലക്ഷം രൂപ വകയിരുത്തുകയും റോഡിന് ആറ് മീറ്റർ വീതി ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് 21.08.14-ലെ സ.ഉ(സാധാ) നം.2179/14/തസ്വഭവ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് ടി പ്രവർത്തകൾ നടപ്പാക്കിയിട്ടുള്ളത്. എന്നാൽ അഞ്ച് ലക്ഷം രൂപ വകയിരുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ഓരോ റോഡിനും രണ്ട് ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. മാത്രമല്ല റോഡിന് ആറ് മീറ്റർ വീതി ഉണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ ഗ്രാമ പഞ്ചായത്തധികൃതരുടെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് ഓഡിറ്റിന് ബോധ്യപ്പെടാനായില്ല. ഇത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പഞ്ചായത്ത് നടപ്പാക്കിയ പ്രവൃത്തികളിന്മേൽ നടത്തിയ പ്രാദേശിക പരിശോധന – ശ്രദ്ധയിൽപ്പെട്ട അപാകതകൾ

എ). പട്ടികജാതി വികസന ഫണ്ട് വിനിയോഗം - സുതാര്യമല്ല

ബ്ലോക്ക് പഞ്ചായത്ത്, മെഴുവേലി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മെഴുവേലി പതിമൂന്നാം വട്ടമോടി കളിയിക്കും പൊയ്ക റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം. 82/16 ), കടവൻതറപടി മുളംതടം ബണ്ട് റോഡ് പുനരുദ്ധാരണം (പ്രോജ.നം.74/16) എന്നീ പദ്ധതികൾ എസ്.സി.പി. ഫണ്ടുപയോഗിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്ക് ലഭ്യമാക്കിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ യഥാക്രമം 17പേരുള്ളതിൽ 12 പേരും, 15 പേരുള്ളതിൽ 13 പേരും പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളിന്മേൽ നടത്തിയ പ്രാദേശിക പരിശോധനയിൽ, പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത് പൊതു വിഭാഗം ജനങ്ങൾ താമസിക്കുന്ന പ്രദേശത്താണെന്ന് കണ്ടു. പട്ടികജാതി വിഭാഗക്കാർക്ക് ടി റോഡിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ ഇനിയും കിലോമീറ്ററുകളോളം പണി പൂർത്തിയാക്കിയാൽ മാത്രമേ സാധ്യമാകൂ എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

16.11.13-ലെ 362/13 (പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ) ഉത്തരവ് 9.3-ൽ കോളനികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന റോഡുകൾ പട്ടികജാതി വിഭാഗം ഫണ്ടുപയോഗിച്ചും, പട്ടികജാതി കോളനികളിലേക്ക് പ്രവേശനത്തിനായുള്ള റോഡുകൾ പൊതുവിഭാഗം ഫണ്ടുപയോഗിച്ചും മാത്രമേ ചെയ്യാൻ പാടുള്ളൂ എന്നനുശാസിക്കുന്നു. പ്രോജക്ടിനായി പട്ടികജാതി ഗുണഭോക്താക്കളില്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത ഫണ്ടുപയോഗിച്ചതിനും തെറ്റായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിന്മേലും വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6/27.02.17) യാതൊരു മറുപടിയും ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് വർഷം പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കിയിട്ടുള്ള ഒൻപത് പ്രവർത്തികളുടേയും ഫീസിബിലിറ്റി സംബന്ധിച്ച സമഗ്രമായ അന്വേഷണത്തിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

ബി). സ്ഥാപിക്കാത്ത നെയിംബോർഡിനായി ചെലവ്

മേൽ പരാമർശിച്ച മെഴുവേലി പതിമൂന്നാം വട്ടമോടി കളിയിക്കും പൊയ്ക റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം. 82/16 ) എന്ന പ്രവൃത്തിയുടെ 4-ാം ഇനമായി (എം.ബുക്ക് നം.15/15-16) ഗ്രാനൈറ്റ് നെയിം ബോർഡ് സ്ഥാപിച്ചതിന് 3000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധനയിൽ ആയത് സ്ഥാപിച്ചിട്ടില്ലെന്ന് കണ്ടു. (ബിൽ നം. 22/AEE/14-15 dtd.18.03.16,373990/-). സ്ഥാപിക്കാത്ത ബോർഡിന് വേണ്ടി ചെലവഴിച്ച 3000/- രൂപ അനുവദിക്കുന്നില്ല. കൂടാതെ ഓഡിറ്റ് വർഷം നടപ്പാക്കിയതും ബോർഡ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിട്ടുള്ളതുമായ എല്ലാ പ്രവൃത്തികളിന്മേലും അന്വേഷണം നടത്തി അനധികൃതമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിന് വകുപ്പുതല നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എക്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)നം. 429/15/ഫിൻ തീയതി 28.9.15 പ്രകാരം 500000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500രൂപ പരമാവധി 2000രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പെടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2015-16 വർഷം 22 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തുവെങ്കിലും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെന്റർ ഫീസ് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ മുതൽക്കൂട്ടുന്നതിനും, വാറ്റ് ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും വർഷങ്ങളായി കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല

വർഷങ്ങളായി വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കുന്നെങ്കിലും നാളിതുവരെ 2013-14 നവംബർ വരെയുള്ള കൈപ്പറ്റ് രസീത് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിലെ വർക്ക് ബിൽ രജിസ്റ്റർ, ഫയൽ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. 2015-16 സാമ്പത്തിക വർഷം അടവാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി കളുടെ എണ്ണം | അയച്ച ഡി.ഡികൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത് | |
|---|---|---|---|---|
| | | | എണ്ണം | തുക |
| 2015-16 | 62 | 217351 | ഇല്ല | ഇല്ല |

2015-16 വരെ കാലയളവിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് മേൽപ്പറഞ്ഞപ്രകാരം 217351രൂപ ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ഡി.ഡി - കൾ പ്രകാരമുള്ള തുക കൈപ്പറ്റിയതായി ക്ഷേമനിധിബോർഡിൽ നിന്നും രസീത് നാളിതുവരെ ലഭിച്ചിട്ടില്ല. രസീതുകൾ ലഭിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| പി.ഡബ്ല്യ.ഡി ഇലക്ട്രിക്കൽ വിംഗ്, പത്തനംതിട്ട | വല്ലന സി.എച്ച്.സി സ്ററാഫ് ക്വാർട്ടേഴ്സ് | 139750 | 139750 | |
| പി.ഡബ്ല്യ.ഡി ഇലക്ട്രിക്കൽ വിംഗ്, പത്തനംതിട്ട | പന്തളം ബ്ലോക്ക് പഞ്ചായത്ത് ഡെയറി എക്സ്ററൻഷൻ ആഫീസ് ഒന്നാം നില വയറിംഗ് | 100000 | 100000 | |
| കെ എസ്.ഇ.ബി | ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ എക്സ്ററൻഷൻ | 497491 | ഇല്ല | 497491 |
| കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്ററൻഷൻ | 1994057 | ഇല്ല | 1994057 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| | | | ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർച്ച് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2000-01 | 32 | മാവരത്തോട് ആഴവും വീതിയും കൂട്ടി സംരക്ഷിക്കൽ-4652 രൂപ അധികം നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2000-01 | 17 | ചേരിക്കൽ അംഗനവാടിക്ക് ചുറ്റുമതിലും അനുബന്ധസൗകര്യങ്ങളും-നിർവ്വഹണത്തിലെ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2000-01 | 33 | വനിതാ ബേക്കറിയും റസ്റ്റോറന്റും -9783/- രൂപ അധികം നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 143058623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84060110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2017500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2(സി) | | 16000 | ശ്രീമതി.കല.ബി.,സി.ഡി.പി.ഒ |
| 3-5(ബി) | | 3000 | ശ്രീമതി.ലേഖ , സി.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 19000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1417500 | ശ്രീമതി.കല ബി, സി.ഡി.പി.ഒ |
| 3-4 | 600000 | ശ്രീ.കെ.മോഹനൻ, സെക്രട്ടറി |
| ആകെ | 2017500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.മോഹനൻ,സെക്രട്ടറി | സെക്രട്ടറി , പന്തളം ബ്ലോക്ക് പഞ്ചായത്ത് | എം.എസ്.വില്ല, കടപ്പ, മൈനാഗപ്പള്ളി, കൊല്ലം |
| ശ്രീമതി. കല ബി, സി.ഡി.പി.ഒ | സി.ഡി.പി.ഒ, പന്തളം ബ്ലോക്ക് പഞ്ചായത്ത് | ഹേമന്തം, അയത്തിൽ.പി.ഒ, പുളിയത്ത് മുക്ക്, കൊല്ലം |
| ശ്രീമതി.ലേഖ, സി.എസ്. | അസിസ്റ്റന്റ് എക് സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീനിലയം, എം.ജി.റോഡ് , അടൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം (പന്തളം ബ്ലോക്ക് പഞ്ചായത്ത്) | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം (കുളനട ബ്ലോക്ക് പഞ്ചായത്ത്) |
|---|---|---|
| 1998-99 | ഇല്ല | എൽ.എഫ്.പി.റ്റി.എ/പി5-26/00 തീയതി:09.05.00 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ/പി5-421/00 തീയതി:27.02.01(1) | എൽ.എഫ്.പി.റ്റി.എ/പി5-594/00 തീയതി:30.01.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5-660/02 തീയതി:2.03.02 | എൽ.എഫ്.പി.റ്റി.എ/പി5-571/02 തീയതി:03.02.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5-441/04 തീയതി:26.02.04/17.08.04 | എൽ.എഫ്.പി.റ്റി.എ/പി5-302/04 തീയതി:04.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി:31.01.07/07.07.08 | എൽ.എഫ്.പി.റ്റി.എ/പി6-788/06 തീയതി:08.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി:22.1.08/08.02.08 | എൽ.എഫ്.പി.റ്റി.എ/പി6/1029/07 തീയതി:07.5.08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763 /07തീയതി26/3/08 | എൽ.എഫ്.പി.റ്റി.എ/പി6-1030/07 തീയതി:12.5.08 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി6-1031/07 തീയതി:12.5.08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527 /08തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി3-426/08 തീയതി:13.4.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 തീയതി:07.04.10 | എൽ.എഫ്.പി.റ്റി.എ/പി3-875/09 തീയതി:23.3.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി:04.10.11 | എൽ.എഫ്.പി.റ്റി.എ/പി3-943(എ)/11 തീയതി:31.12.11 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി:08.10.13 | എൽ.എഫ്.പി.റ്റി.എ/പി3-943(ബി)/11 തീയതി:31.12.11 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി:05.06.14 | |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി2 119/15 തീയതി21.05.15 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3-1019/2016 20.09.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.പി.സുരേഷ്കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി13- 194/17 തീയതി 10.05.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ്കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

## AUDIT CERTIFICATE

No.KSAPTA P13-194/2017 Dated 10.05.2017

Certified that I have examined the Annual Financial Statement of Pandalam Block Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller

and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pandalam Block Panchayat for the year 2015-16 except the observations in my report properly presents the picture of income and expenditure.

P.P.SURESHKUMAR

Senior Deputy Director

Kerala State Audit Department

Pathanamthitta